പതിമൂന്നാം കേരള നിയമസഭ - എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:173 18/03/2013 - ൽ മറുപടിക്ക്

# വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യക്കൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ : | | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യക്കൃഷിക്കുള്ള സാധ്യതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യക്കൃഷിക്ക് വളരെയധികം സാദ്ധ്യതകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട് |
| (ബി) ജില്ലയിൽ ഉൾനാടൻ മത്സ്യക്കൃഷി വ്യാപിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള മത്സ്യ കർഷക വികസന ഏജൻസി വഴി 2012 -15 വർഷങ്ങളിൽ നടപ്പിലാക്കി വരുന്ന മത്സ്യസമൃദ്ധി പദ്ധതി പ്രകാരം 150.93 ഹെക്ടറിൽ മത്സ്യക്കൃഷി നടത്തിവരുന്നു. മത്സ്യസമൃദ്ധി പദ്ധതിയിൽ 3621 മത്സ്യ കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ലയിൽ പരിശീലനം നേടിയ 317 കർഷകരുണ്ട്. മത്സ്യസമൃദ്ധി പദ്ധതി മുഖേന 5500 കരിമീൻ കുഞ്ഞുങ്ങളടക്കം |

ഇതിനോടകം 761420 എണ്ണം മത്സ്യ കുഞ്ഞുങ്ങളെ കർഷകർ മുഖേനയും സാമൂഹ്യ മത്സ്യക്കൃഷിപദ്ധതി മുഖേനയും സ്റ്റോക്ക് ചെയ്തിട്ടുണ്ട്. പൂക്കോട് തടാകത്തിൽ കൂടുകളിലെ മത്സ്യക്കൃഷിപദ്ധതി ഡെമോൺസ്ട്രേറ്റർ രീതിയിൽ നടപ്പിലാക്കി വരുന്നു.

ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സഹത്തിനായി 25 പഞ്ചായത്തുകളിലും അക്വാകൾച്ചർ കോർഡിനേറ്റർമാരും 3 പ്രോജക്ട് അസിസ്റ്റന്റുമാരും പ്രവർത്തിച്ചുവരുന്നു.

(സി) മത്സ്യക്കൃഷിക്ക് ആവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ജില്ലയിൽ തന്നെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) വയനാട് ജില്ലയിൽ മത്സ്യവിത്തുത്പാദന കേന്ദ്രത്തിനായി 71.8 ലക്ഷം രൂപ ഇതിനകം അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ടെണ്ടർ നടപടികൾ ആരംഭിക്കുന്നതിന് ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ